പി (ഐ.റ്റി)/38903/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 26/03/2018

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന്റെ ബി.എസ്.എൻ.എൽ ബില്ല് - വിശദാംശങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വിവിധ പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.

*******

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന്റെ ബി.എസ്.എൻ.എൽ ബില്ല് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. ബി.എസ്.എൻ.എൽ -ന്റെ ഓഫീസുകളിൽ നിന്നു ഇന്റർനെറ്റ് ബില്ല് ലഭിച്ചാലുടൻ മേൽ ബില്ല് കോളേജുകളിൽ /സ്ഥാപനത്തിൽ നിന്നും നേരിട്ട് അടക്കാനാവില്ല എന്നും ആയത് centralized bill -ൽ ഉൾപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കാനും പ്രിൻസിപ്പാൾ/ഡെപ്യൂട്ടി ഡയറക്ടർ/വാർഡൻ ബന്ധപ്പെട്ട ബി.എസ്.എൻ.എൽ അധികാരിക്ക് അർദ്ധ ഔദ്യോഗിക കത്ത് മുഖേന അറിയിപ്പ് നൽകേണ്ടതാണ്.

2. NMEICT സ്കീമിൽ ഉൾപ്പെടുത്തി ബി.എസ്.എൻ.എൽ -ന്റെ 10 Mbps ഒപ്റ്റിക് ഫൈബർ കണക്ടിവിറ്റി സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്. ടി കണക്ടിവിറ്റി ലഭ്യമായിട്ടില്ലാത്ത സ്ഥാപനങ്ങൾ ആയതിന്റെ വിശദാംശങ്ങൾ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

3. ഒരു സ്ഥാപനത്തിന് ആകെ രണ്ട് കണക്ഷനുകൾക്ക് മാത്രമേ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് തുക അനുവദിക്കുകയുള്ളൂ. അതിന്റെ ഭാഗമായി (ഫോൺ വിളിക്ക് ഒരു കണക്ഷനും ഇന്റർനെറ്റിന് ഒരു കണക്ഷനും) ഫോൺ വിളിയും ഇന്റർനെറ്റും ഒരേ കണക്ഷനിൽ ഉപയോഗിക്കാൻ പാടില്ല.

4. ഫോൺ വിളിക്കുള്ള തുക നോൺ പ്ലാൻ ഫണ്ടിൽ കോളേജുകൾക്ക്/സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതും ഇന്റർനെറ്റിന്റെ തുക കേന്ദ്രീകൃത ബിൽ സംവിധാനത്തിൽ ഡയറക്ടറേറ്റിൽ നിന്നും ബി.എസ്.എൻ.എൽ -ന് നേരിട്ട് അടക്കുന്നതുമാണ്. 2018-19 സാമ്പത്തിക വർഷം മുതൽ ഐ.ടി. ഗ്രിഡിൽ സ്ഥാപനങ്ങൾക്ക് തുക നേരിട്ട് അനുവദിക്കുന്നതല്ല.

0662241

5. ഇന്റർനെറ്റ് തുക സെൻട്രലൈസ്ഡ് ബില്ലിൽ ഉൾപ്പെടുത്തുവാൻ ബി.എസ്.എൻ.എൽ അധികൃതർക്ക് അറിയിപ്പ് നൽകിയ ശേഷവും ബി.എസ്.എൻ.എൽ ഇന്റർനെറ്റ് വിച്ഛേദിച്ചാൽ മേൽ വിവരം അടിയന്തിരമായി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
എം.എസ്. ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ സർക്കാർ കോളേജ് ഹോസ്റ്റൽ വാർഡൻമാർക്കും
4. കോ-ഓർഡിനേറ്റർ, ഇ-ഗവേണൻസ്
5. നെറ്റ് വർക്ക് എഞ്ചിനീയർ, MSCCD സ്റ്റുഡിയോ
6. കരുതൽ ഫയൽ/നടപ്പു ഫയൽ

N.B. കോളേജുകളിൽ/സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ഇന്റർനെറ്റിന്റെയും ടെലിഫോണിന്റെയും ബി.എസ്.എൻ.എൽ നമ്പറുകൾ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഇന്റർനെറ്റിന്റെ നമ്പർ ലഭ്യമല്ലെങ്കിൽ ടി വിവരവും അറിയിക്കേണ്ടതാണ്.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി. 31/3/19

066224

GOVERNMENT OF KERALA